# nPROUD പദ്ധതിയും പ്രവർത്തനങ്ങളും

കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ വിവേചന രഹിതമായി മണ്ണിലേക്കും ജലാശയത്തിലേക്കും തള്ളുന്നത് നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. ഈ നൂറ്റാണ്ടിലെ ആഗോള പൊതുജനാരോഗ്യ ഭീഷണിയായ ആൻറിമൈക്രോബിയൽ പ്രതിരോധത്തിലേക്ക് നയിക്കുന്ന ഒരു വിപത്താണിത്. ഇത്തരം മരുന്നുകൾ ശേഖരിക്കുവാനും ശാസ്ത്രീയമായി സംസ്കരിക്കുവാനും നിലവിൽ യാതൊരു സംവിധാനങ്ങളും ഇല്ല.

ലോകാരോഗ്യ സംഘടന നിശബ്ദ മഹാമാരി എന്നു വിശേഷിപ്പിച്ച **AMR** നെതിരെ പോരാടുന്നതിനായി **Drugs Control** വകുപ്പ് വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. **Bio Medical Waste Management Act & Rules** നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മരുന്നുകൾ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യുവാൻ വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച **KARSAP ( Kerala Anti microbial Resistance Strategic Action Plan)** ൻറെ ഭാഗമായി **Drugs Control** വകുപ്പ് ആരംഭിച്ച പദ്ധതിയാണ് **New Programme for Removal of unused drugs (nPROUD).** രാജ്യത്ത് തന്നെ സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി ആദ്യമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിൽ കോഴിക്കോട് കോർപ്പറേഷനിലും ഉള്ള്യേരി ഗ്രാമ പഞ്ചായത്തിലുമാണ് പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഭാഗമായി വീടുകൾതോറും ആരോഗ്യ സന്നദ്ധപ്രവർത്തകർ ഉപയോഗശൂന്യമായ മരുന്നുകൾ ശേഖരിക്കും. കൂടാതെ ഓരോ വാർഡുകളിലും പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുള്ള **Permanent Collection site** ലെ നീല നിറമുള്ള ബിന്നുകളിൽ ഉപയോഗശൂന്യമായ മരുന്നുകൾ നിക്ഷേപിക്കാവുന്നതാണ്. ഇത്തരം ബിന്നുകളിൽ നിന്നും വീടുകളിൽ നിന്നും സന്നദ്ധ പ്രവർത്തകർ ശേഖരിക്കുന്ന മരുന്നുകളും ചില്ലറ-മൊത്ത വിതരണക്കാരിൽ നിന്നും ശേഖരിക്കുന്ന മരുന്നുകളും തരം തിരിച്ച് ശാസ്ത്രീയമായി നശിപ്പിക്കുന്നതിനായി കൊച്ചിയിലുള്ള **Kerala Enviro Infrastructure Ltd (KEIL)** എന്ന സ്ഥാപനത്തിലേക്ക് അയയ്ക്കും. ഈ **nPROUD** പദ്ധതിയിലൂടെ **AMR** എന്ന മഹാവിപത്തിനെ ഒരു പരിധി

വരെ നിയന്ത്രിക്കാനും അത് വഴി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും സാധിക്കും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. വീണാജോർജ്ജ് 2025 ഫെബ്രുവരി 22 ന് ഉച്ചയ്ക്ക് 02.00 മണിയ്ക്ക് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ ജൂബിലി ഹാൾ, തളി, കോഴിക്കോട് വെച്ച് നിർവഹിക്കുന്നതാണ്.